LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് അനുവദിച്ച ഭൂമി

173 (1206) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് അനുവദിച്ച ഭൂമി അതിർത്തി നിർണ്ണയിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ വിഷയത്തിൽ കിനാലൂരിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 5 ഏക്കർ ഭൂമി സർക്കാർ കോളേജിന് അനുവദിച്ച വ്യവസായ വകുപ്പ് ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്തുനൽകുന്നതിന് കെ.എസ്.ഐ.ഡി.സി.-യുടെ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉണ്ട്.

(ഡി) ഭൂമി കൈമാറ്റത്തിനുള്ള അപേക്ഷ കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ആലപ്പുഴ ജില്ലയിൽ ഭവന നിർമ്മാണത്തിന് അനുവദിച്ച ഭൂമി

174 (1207) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് ആലപ്പുഴ ജില്ലാ സമിതിക്കു മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ് എന്ന് വിശദമാക്കുമോ ;

(ഡി) അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ നിലം പരിവർത്തനം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ; ഇങ്ങനെ അധികം നികത്തിയ കേസുകളിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവനനിർമ്മാണത്തിന് ആലപ്പുഴ ജില്ലാ സമിതിക്കു മുമ്പാകെ 318 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ 276 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്

(സി) 761 ആർസ് (18.80 ഏക്കർ) സ്ഥലം അപ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. അനധികൃതമായി നിലം നികത്തുന്നത് തടയുന്നതിനായി ജില്ലാതല സ്ക്വാഡുകളും താലൂക്കുതല സ്ക്വാഡുകളും നിരന്തരം പ്രവർത്തനം നടത്തുകയും അനധികൃതമായി നികത്തുന്ന നിലം ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയുടെ നികത്തലുകൾക്കെതിരെ 1967-ലെ കെ.എൽ.യു. ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

പട്ടയ വിതരണം

175 (1208) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതർക്ക് വീടുണ്ടാക്കാൻ പഞ്ചായത്തുകൾ വിതരണം ചെയ്യുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിൽനിന്ന് അനുവാദ പത്രിക ലഭിച്ചവർക്ക് പട്ടയം നൽകണമെങ്കിൽ പഞ്ചായത്തുകളിൽ നിന്ന് എൻ.ഒ.സി. ലഭ്യമാക്കണമെന്ന വ്യവസ്ഥയുണ്ടോ ;

(സി) പഞ്ചായത്തുകൾ അനുവാദ പത്രിക നൽകിയവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly